**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 644 — 09/02/2016-ൽ മറുപടിക്ക്

## ആദിവാസി കോളനിയിലെ ജനങ്ങൾക്ക് ഭൂമി നൽകുന്നത്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.ഡി. ദേവസ്സി : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വിവിധ ആദിവാസി കോളനിയിലെ ജനങ്ങൾക്ക് കൃഷിയ്ക്കും, വീട് വയ്ക്കുന്നതിനും ആവശ്യമായ ഭൂമി നൽകുന്ന നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ; | എ) | ചാലക്കുടി മണ്ഡലത്തിൽ 9 പേർക്ക് 'ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം' എന്ന പദ്ധതിയിൽ 25 സെന്റ് ഭൂമി വീതം ആകെ 2.25 ഏക്കർ ഭൂമി 92,48,490/- രൂപ ചെലവഴിച്ച് വാങ്ങി നൽകിയിട്ടുണ്ട്. നിലവിൽ 14 അപേക്ഷകളിൽ ലീഗൽ സ്ക്രൂട്ടനി ലഭ്യമായിട്ടുണ്ട്. ആയതിൽ പർച്ചേസിംഗ് കമ്മിറ്റി ചേർന്ന് അർഹമായവർക്ക് ഭൂമി നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) | വാച്ചുമരം, വാഴച്ചാൽ, ഷോളയാർ, പിള്ളപ്പാറ, ആനക്കയം, മുക്കംപുഴ തുടങ്ങിയ ആദിവാസി കോളനികളിലെ ജനങ്ങൾക്ക് ഭൂമി നല്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് ഭൂമി വിതരണം ചെയ്യുന്നതിന് സർക്കാർ സത്വര നടപടികൾ സ്വീകരിക്കുമോ? | ബി) | വാച്ചുമരം, വാഴച്ചാൽ, ഷോളയാർ, പിള്ളപ്പാറ, ആനക്കയം, മുക്കമ്പുഴ തുടങ്ങിയ പട്ടികവർഗ്ഗസങ്കേതങ്ങളിൽ വനാവകാശ നിയമപ്രകാരം കൈവശരേഖ നൽകിയിട്ടുണ്ട്. ഇനിയും തീർത്തും ഭൂമി ഇല്ലാത്തവർക്ക് നിലവിലെ 'ആശിക്കും ഭൂമി ആദിവാസിക്കു സ്വന്തം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ